**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷിബു പി.എസ്. പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2340/2016/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 03/08/2016.

പരാമർശം :- 1. 19.09.2014 തീയതിയിലെ സ.ഉ.(സാധാ.) നം.2435/2014/ത.സ്വ.ഭ.വ.

2. 11.11.2014 തീയതിയിലെ സ.ഉ.(സാധാ.) നം.2945/2014/ത.സ്വ.ഭ.വ.

3. ചേർത്തല നഗരസഭാ സെക്രട്ടറി ശ്രീ.ഷിബു പി.എസ്. സമർപ്പിച്ച 02.02.2015 തീയതിയിലെ ജി1-18451/14 നമ്പർ നിവേദനം.

4. നഗരകാര്യ ഡയറക്ടറുടെ 29.02.2016 തീയതിയിലെ ഇ 2-2997/16 നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും തസ്തികമാറ്റം വഴി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിൽ, പരാമർശം ഒന്ന് പ്രകാരം നിയമനം ലഭിച്ച ശ്രീ.ഷിബു പി.എസ്., താൻ പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിക്കണമെന്നപേക്ഷിച്ച് പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച നിവേദനം, നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവ് KS&SSR പ്രകാരം ഡ്യൂട്ടിയായി പരിഗണിച്ച് ടി കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിച്ച് മുൻ സർവ്വീസിലെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിവേദനത്തിൽ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഷിബു പി.എസ്. ട്രെയിനിങ് പൂർത്തിയായ ശേഷം നിയമന ഉത്തരവ് നൽകുന്നതിലുണ്ടായ കാലതാമസമാണ് ടിയാന് സർവ്വീസ് ബ്രേക്കിന് കാരണമായത്. ഈ

സാഹചര്യത്തിൽ, ശ്രീ.ഷിബു പി.എസ്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിലെ പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവ് (26.10.2014-12.11.2014) ശമ്പളമോ അലവൻസോ സ്റ്റൈപന്റോ കൂടാതെ പ്രീ-സർവ്വീസ് ട്രെയിനിങ്ങിന്റെ ദീർഘിപ്പിക്കലായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ എം.കെ.
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.ഷിബു പി.എസ്., സെക്രട്ടറി, ചേർത്തല നഗരസഭ.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (19.04.2016 തീയതിയിലെ 5425/ബി2/16/ഉ.ഭ.പ.വ. പ്രകാരം)
ധനകാര്യ വകുപ്പ് ( 23.06.2016 തീയതിയിലെ ഡെവ്-1/165/2016/ഫിൻ പ്രകാരം)
വെബ് & ന്യൂ മീഡിയ ഡിവിഷൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.